

# സമ്പൂർണ്ണകൃതികൾ: ഭാഗം III

കെ. ദാമോദരൻ



## 14. ലെനിന്റെ സംഭാവനകൾ

സമ്പൂർണ്ണകൃതികൾ: ഭാഗം III

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


14 ലെനിന്റെ സംഭാവനകൾ . . . . . . . . . . . . . . . . . 1

1 പുതിയ കാലഘട്ടത്തിന്റെ മാർക്സിസം . 3

2 ഒറ്റരാജ്യത്തിൽ സോഷ്യലിസം . . . 4

3 തൊഴിലാളി സർവ്വാധിപത്യം . . . . 5

4 ഐക്യമുന്നണി . . . . . . . . . . . . 6

# 14

# ലെനിന്റെ സംഭാവനകൾ

പ്രാചീനകാലം മുതൽക്ക് പല മഹാൻമാരും പട്ടിണിയും കഷ്ടപ്പാടുമില്ലാത്ത ഒരു ലോകമുണ്ടാകണമെന്നാഗ്രഹിച്ചുപോന്നിട്ടുണ്ട്; മർദ്ദനവും ചൂഷണവുമില്ലാത്ത ഒരു പുതിയ സാമൂഹ്യവ്യവസ്ഥയെപ്പറ്റി സ്വപ്നം കണ്ടിട്ടുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മനുഷ്യസ്നേഹികളായ ചില ചിന്തകൻമാർ ഒരു സോഷ്യലിസ്റ്റ് സമുദായം കെട്ടിപ്പടുക്കണമെന്നുപോലും ആഗ്രഹിക്കുകയുണ്ടായി.

എന്നാൽ മാർക്സിന്റെയും ഏംഗൽസിന്റെയും കാലം വരെ ഈ ആഗ്രഹങ്ങളെല്ലാം വെറും സങ്കൽപചിത്രങ്ങൾ മാത്രമായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യകാലത്തു ജീവിച്ചിരുന്ന മാർക്സും ഏംഗൽസുമാണ് ആദ്യമായി സോഷ്യലിസത്തെ വെറുമൊരാദർശ സ്വപ്നമെന്ന നിലയിൽ നിന്ന് പ്രായോഗികമായ ഒരു ശാസ്ത്രമാക്കി മാറ്റിയത്. അവർ സാമൂഹ്യവളർച്ചയുടെ നിയമങ്ങളെ വിശകലനം ചെയ്യുകയും മുതലാളിത്തത്തിന്റെ നാശവും സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ വിജയവും അനിവാര്യമാണെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്തു.

പക്ഷേ, മാർക്സും ഏംഗൽസും ജീവിച്ചിരുന്നത് റഷ്യയിലെ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ മുക്കാൽ നൂറ്റാണ്ടിനു മുമ്പാണ്. അതുകൊണ്ട് മുതലാളിത്തത്തിന്റെ തകർച്ചയും സോഷ്യലിസത്തിന്റെ വിജയവും അനിവാര്യമാണെന്നു ചൂണ്ടിക്കാണിയ്ക്കാനല്ലാതെ, സോഷ്യലിസം കെട്ടിപ്പടുക്കുമ്പോഴത്തെ പ്രത്യേക പരിതഃസ്ഥിതികളെപ്പറ്റിയോ സോഷ്യലിസ്റ്റ് നിർമ്മാണത്തിന്റെ സവിശേഷതകളെപ്പറ്റിയോ വ്യക്തമായി വിശകലനം ചെയ്യാൻ അവർക്ക് സാധ്യമായിരുന്നില്ല. മാർക്സിന്റെയും ഏംഗൽസിന്റെയും സിദ്ധാന്തങ്ങളെ പുതിയ പരിതഃസ്ഥിതികൾക്കനുയോജ്യമായ വിധം വളർത്തുകയും വികസിപ്പിക്കുകയും ചെയ്യുക എന്ന ചരിത്രപരമായ ചുമതല അവരുടെ ഉത്തമശിഷ്യരായ ലെനിനും സ്റ്റാലിനുമാണ് നിർവ്വഹിച്ചത്.

മാർക്സിസം ഒരു മന്ത്രമല്ല, വിപ്ലവപ്രവർത്തനങ്ങൾക്കുള്ള ഒരു വഴികാട്ടിയാണ്. ഇതിന്റെ അർത്ഥം അശോക മേത്തയും ബി. സി.വർഗ്ഗീസും മറ്റു ഇടതുപക്ഷ സോഷ്യലിസ്റ്റ് നേതാക്കൻമാരും പറയുന്നതുപോലെ മാർക്സിസം ഇഷ്ടംപോലെ വ്യാഖ്യാനിയ്ക്കാമെന്നല്ല. മാർക്സിസം ഒരു മന്ത്രമല്ലെന്ന് ഊന്നി പറയുമ്പോൾ അത് ഒരു വഴികാട്ടിയാണെന്ന കാര്യം പോലും മറച്ചുവയ്ക്കുകയാണവർ ചെയ്യുന്നത്. ഇത്തരം വലതുപക്ഷ സോഷ്യലിസ്റ്റ് നേതാക്കൻമാർ ലെനിന്റെ കാലത്തുമുണ്ടായിരുന്നു. മാർക്സിസത്തെപ്പിടിച്ചാണയിടുക, അതേസമയത്ത് മാർക്സിസത്തിന്റെ വിപ്ലവകരമായ ഉള്ളടക്കങ്ങളെ എതിർക്കുകയോ മൂടിവയ്ക്കുകയോ ചെയ്യുക — ഇതായിരുന്നു അവരുടെ നയം. പരിതഃസ്ഥിതികളുടെ പേരും പറഞ്ഞുകൊണ്ട് മാർക്സിസ്റ്റ് സിദ്ധാന്തങ്ങളെ ബലികഴിയ്ക്കാൻ മുതിർന്ന ആ അവസരവാദികളെ തുറന്നുകാണിക്കുകയും എതിർക്കുകയും ചെയ്തുകൊണ്ടാണ് ലെനിൻ തന്റെ സിദ്ധാന്തങ്ങളെ മുന്നോട്ടുകൊണ്ടുവന്നത്.

# 1 പുതിയ കാലഘട്ടത്തിന്റെ മാർക്സിസം

മാർക്സിന്റെ ജീവിതകാലത്തിനുശേഷം മനുഷ്യസമുദായത്തിലുണ്ടായ മാറ്റങ്ങളെയും റഷ്യയിലും ലോകത്തിലെങ്ങുമുള്ള തൊഴിലാളി പ്രസ്ഥാനങ്ങളുടെ അനുഭവങ്ങളെയും മാർക്സിസത്തിന്റെ വെളിച്ചത്തിൽ പരിശോധിച്ച് പൊതുതത്വങ്ങളുന്നയിക്കുകയാണ് ലെനിൻ ചെയ്തത്. 20-ാം നൂറ്റാണ്ടോടുകൂടി ആവിർഭവിച്ച സാമ്രാജ്യത്വ ഘട്ടത്തെ അദ്ദേഹം സമഗ്രമായി അപഗ്രഥിച്ചു പരിശോധിച്ചു. സാമ്രാജ്യത്വമെന്നാൽ മുതലാളിത്തത്തിന്റെ അവസാനകാലമാണെന്നും ഈ കാലത്തിൽ ബൂർഷ്വാ വ്യവസ്ഥയാകെ ചീഞ്ഞളിയുകയും മുതലാളിത്തത്തിന്റെ എല്ലാ വൈരുദ്ധ്യങ്ങളും (തൊഴിലാളിയും മുതലാളിയും തമ്മിലും സാമ്രാജ്യത്വശക്തികളും കോളനികളും തമ്മിലും സാമ്രാജ്യത്വശക്തികൾ തമ്മിൽത്തമ്മിലുമുള്ള വൈരുദ്ധ്യങ്ങൾ മൂർച്ഛിക്കുകയും സാമ്രാജ്യയുദ്ധങ്ങളും തൊഴിലാളി വിപ്ലവങ്ങളും പൊട്ടിപ്പുറപ്പെടുകയും ഉൽപ്പാദനശക്തികളുടെ വളർച്ചയെ തടഞ്ഞുനിർത്തുന്ന മുതലാളിത്തത്തെ തട്ടിത്തകർത്ത് തൊഴിലാളിവർഗ്ഗം അധികാരത്തിലെത്തുകയും ചെയ്യുമെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. മാത്രമല്ല, സ്വയം അധികാരശക്തി സ്ഥാപിച്ചുറപ്പിയ്ക്കാൻ വേണ്ടി തൊഴിലാളിവർഗ്ഗം കൈക്കൊള്ളേണ്ട അടവുകളും തന്ത്രങ്ങളുമെന്തായിരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. അതുകൊണ്ടാണ് സാമ്രാജ്യത്വകാലഘട്ടത്തിലെ മാർക്സിസമാണ് ലെനിനിസം എന്ന് സഖാവ് സ്റ്റാലിൻ നിർവ്വചിച്ചത്.

## 2 ഒറ്റരാജ്യത്തിൽ സോഷ്യലിസം

സാമ്രാജ്യകാലഘട്ടത്തിൽ മുതലാളിത്തരാജ്യങ്ങളുടെ വളർച്ച അസമമായിട്ടാണ്. ഉൽപ്പാദനശക്തികളുടെ വളർച്ച എല്ലാ രാജ്യങ്ങളിലും ഒരേ തോതിലായിരിക്കില്ല. ഈ സിദ്ധാന്തത്തെ വിശകലനം ചെയ്തുകൊണ്ട് ലെനിൻ ഊന്നിപ്പറഞ്ഞു. ഒരു രാജ്യത്തിൽ മാത്രമായോ ഏതാനും രാജ്യത്തെ ഒറ്റയ്ക്കൊറ്റയ്ക്കോ സോഷ്യലിസത്തിന് സാധ്യമാണെന്ന്.

ഒരു രാജ്യത്തിൽ മാത്രമായി സോഷ്യലിസം സൃഷ്ടിയ്ക്കാൻ കഴിയുമെന്ന ലെനിനിസ്റ്റ് തത്വം വിപ്ലവകാരികളായ തൊഴിലാളികർഷക ബഹുജനങ്ങളെ ആവേശം കൊള്ളിച്ചു. ഈ സിദ്ധാന്തമില്ലായിരുന്നുവെങ്കിൽ തൊഴിലാളി കർഷകബഹുജനങ്ങളെ സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്ക് നയിക്കാനോ ലോകത്തിന്റെ ആറിലൊരു ഭാഗം വരുന്ന സോവിയറ്റ് യൂണിയനിൽ സോഷ്യലിസം കെട്ടിപ്പടുക്കുവാനോ കഴിയുമായിരുന്നില്ല.

മാർക്സിന്റെയും ഏംഗൽസിന്റെയും ഗ്രന്ഥങ്ങളിൽ മുതലാളിത്തത്തിന്റെ അനിവാര്യമായ നാശത്തെപ്പറ്റിയും വർഗ്ഗസമരങ്ങളുടെ പ്രവർത്തനങ്ങളെപ്പറ്റിയും തൊഴിലാളി സർവ്വാധിപത്യത്തെപ്പറ്റിയും സോഷ്യലിസത്തിലേക്കുള്ള പരിവർത്തന കാലഘട്ടത്തിന്റെ നിയമങ്ങളെപ്പറ്റിയും വിപ്ലവത്തിന്റെ ഒഴിച്ചുകൂടാൻ വയ്യാത്ത വിവിധ ഘട്ടങ്ങളെപ്പറ്റിയും ആ വിവിധ ഘട്ടങ്ങളിൽ തൊഴിലാളി വർഗ്ഗത്തിനുണ്ടാകുന്ന സമരബന്ധങ്ങളെപ്പറ്റിയുമുള്ള അടിസ്ഥാന പ്രമാണങ്ങളുമെല്ലാം പ്രതിപാദിയ്ക്കപ്പെട്ടിട്ടുണ്ട്. ഈ സിദ്ധാന്തങ്ങളുടെ വെളിച്ചത്തിലാണ് ലെനിൻ തന്റെ കാലഘട്ടത്തിലെ പ്രത്യേക പരിതഃസ്ഥിതികളെ പരിശോധിച്ചത്. മാർക്സിസത്തിന്റെ കാതലായ വൈരുദ്ധ്യാധിഷ്ഠിതവും ചരിത്രപരവുമായ ഭൗതികവാദത്തെ തികച്ചും സ്വായത്തമാക്കിക്കൊണ്ട് അസാധാരണമായ വൈദഗ്ധ്യത്തോടെ അതിനെ വിപ്ലവത്തിന്റെയും സോഷ്യലിസ്റ്റ് നിർമ്മാണത്തിന്റെയും വിജയത്തിനുവേണ്ടി ഉപയോഗിച്ചുവെന്നതിലാണ് ലെനിന്റെ മാഹാത്മ്യം കിടക്കുന്നത്.

വിപ്ലവം എല്ലാ രാജ്യങ്ങളിലും ഒരേ സമയത്തുമല്ല, ഒരേ മട്ടിലുമല്ല, നടക്കുക. ചരിത്രപരമായ പരിതഃസ്ഥിതികളനുസരിച്ച് വിവിധ രാജ്യങ്ങളിൽ വിവിധ രൂപത്തിലാണ് വിപ്ലവം പൊട്ടിപ്പുറപ്പെടുക. മുതലാളിത്ത രാജ്യങ്ങളിൽ തൊഴിലാളി വിപ്ലവങ്ങൾ, കോളനികളിൽ ദേശീയ വിമോചനസമരങ്ങൾ ഇങ്ങനെ വിവിധ മാർഗ്ഗങ്ങൾ കൈക്കൊണ്ടുകൊണ്ട് ഏതാനും ദശാബ്ദങ്ങളടങ്ങിയ ഒരു കാലഘട്ടത്തിലൂടെയാണ് ലോകവിപ്ലവം മുന്നേറുക. സോഷ്യലിസത്തിലേയ്ക്കുള്ള പരിവർത്തന കാലഘട്ടത്തിലെ പ്രവർത്തനങ്ങളും വ്യത്യസ്ത രൂപങ്ങളിലായിരിക്കും. 1920-ൽ ലെനിൻ ചൂണ്ടിക്കാണിച്ചതുപോലെ, കമ്മ്യൂണിസ്റ്റ് തൊഴിലാളി പ്രസ്ഥാനങ്ങൾ 'സമരരൂപങ്ങളുടെ പ്രത്യേകതകളെ നിഷേധിക്കുന്നില്ല, ദേശീയമായ സവിശേഷതകളെ നശിപ്പിക്കുന്നില്ല. ... പിന്നെയോ അവയെ കമ്മ്യൂണിസത്തിന്റെ അടിസ്ഥാനതത്വങ്ങളുടെ വെളിച്ചത്തിൽ പരിശോധിയ്ക്കുകയാണ് ചെയ്യുന്നത്; അടിസ്ഥാന തത്ത്വങ്ങളെയും സാർവദേശീയ തന്ത്രങ്ങളെയും ദേശീയമായ പ്രത്യേകതകൾക്കനുയോജ്യമായ മട്ടിൽ പ്രയോഗിക്കുകയാണ് ചെയ്യുന്നത്.'

വിപ്ലവത്തെ വള്ളിപുള്ളി വ്യത്യാസമില്ലാതെ കോപ്പിയടിയ്ക്കാനൊക്കില്ല. ചൈനയിൽ മാവോസേതുങ്ങിന്റെ നേതൃത്വത്തിൽ നടന്ന മഹത്തായ വിപ്ലവം റഷ്യൻ വിപ്ലവത്തിന്റെ കോപ്പിയടിയായിരുന്നില്ല. ഇന്ത്യയിൽ റഷ്യൻ വിപ്ലവത്തെയോ ചൈനീസ് വിപ്ലവത്തെയോ അതേപടി ആവർത്തിയ്ക്കാൻ സാധ്യമല്ല. ഓരോ രാജ്യത്തിലേയും ചരിത്രപരവും വസ്തുനിഷ്ഠപരവുമായ പരിതഃസ്ഥിതികളെ പരിശോധിച്ച് പഠിയ്ക്കാതെ വിപ്ലവത്തിനു തയ്യാറെടുക്കുന്നത് മാർക്സിസത്തിനെതിരാണെന്ന് ലെനിൻ താക്കീത് നൽകുന്നു. പക്ഷേ, ഈ വസ്തുനിഷ്ഠമായ പരിശോധന മാർക്സിസം ലെനിനിസത്തിന്റെ അടിസ്ഥാനതത്ത്വങ്ങളുടെ വെളിച്ചത്തിലായിരിക്കണം, വിവിധ രാജ്യങ്ങളിലുണ്ടായ വിപ്ലവങ്ങളുടെ പൊതുപാഠങ്ങൾ പഠിച്ചുകൊണ്ടായിരിക്കണം. ഈ കാര്യത്തിലാണ് കമ്മ്യൂണിസ്റ്റുകാരും വലതുപക്ഷ സോഷ്യലിസ്റ്റ്കാരും തമ്മിലുള്ള ഒരു പ്രധാനമായ വ്യത്യാസം കിടക്കുന്നത്.

## 3 തൊഴിലാളി സർവ്വാധിപത്യം

തങ്ങളും വർഗ്ഗസമരത്തിൽ വിശ്വസിയ്ക്കുന്നവരാണെന്ന് വലതുപക്ഷ സോഷ്യലിസ്റ്റ് നേതാക്കൾ കൂടെക്കൂടെ ആണയിടാറുണ്ട്. പക്ഷേ, വർഗ്ഗസമരത്തിൽ വിശ്വസിക്കുന്നതുകൊണ്ടുമാത്രം ഒരാൾ ഒരു മാർക്സിസ്റ്റാവുകയില്ല. മാർക്സിനു മുമ്പു ജീവിച്ചിരുന്ന യൂറോപ്യൻ സോഷ്യലിസ്റ്റുകാർ പോലും വർഗ്ഗസമരത്തെപ്പറ്റി പ്രതിപാദിച്ചുവെന്നതല്ല, വർഗ്ഗസമരത്തിന്റെ അനിവാര്യമായ പതനമെന്ന നിലയ്ക്ക് തൊഴിലാളി സർവ്വാധിപത്യമെന്ന തത്വം ഉന്നയിച്ചുവെന്നതാണ് മാർക്സ് സോഷ്യലിസത്തിനു നൽകിയ സംഭാവന.

മുതലാളിത്തത്തിൽ നിന്ന് സോഷ്യലിസത്തിലേക്കുള്ള പരിവർത്തന കാലഘട്ടം മൂർഛിച്ച വർഗ്ഗസമരങ്ങളുടെ കാലഘട്ടമാണ്. ഈ കാലഘട്ടത്തിൽ മർദ്ദകവർഗ്ഗക്കാരെ അടിച്ചമർത്തുന്നതിലും മുതലാളിത്തത്തിന്റെ അവശിഷ്ടങ്ങളെ തകർത്തു നശിപ്പിയ്ക്കുന്നതിലും ഒഴിവാക്കാനാകാത്ത ഒരായുധമാണ് തൊഴിലാളി സർവ്വാധിപത്യം.

തൊഴിലാളി സർവ്വാധിപത്യത്തിന്റെ ചരിത്രപരമായ പ്രവർത്തനങ്ങൾ മൂന്നെണ്ണമാണ് എന്ന് ലെനിൻ ചൂണ്ടിക്കാട്ടുന്നു: 1. മർദ്ദകവർഗ്ഗക്കാരെ അടിച്ചമർത്തുക, 2. അധ്വാനിയ്ക്കുന്ന ബഹുജനങ്ങളെ മുന്നോട്ടു നയിക്കുക, 3. സോഷ്യലിസ്റ്റ് സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കുക.

വലതുപക്ഷ സോഷ്യലിസ്റ്റുകാർ ലെനിന്റെ ഈ അടിസ്ഥാനപരമായ തത്വങ്ങളോടു യോജിക്കുന്നില്ല. സോവിയറ്റ് യൂണിയനിലെ തൊഴിലാളി വർഗ്ഗ സർവ്വാധിപത്യത്തെ സേച്ഛാധിപത്യപരമെന്നും ജനാധിപത്യവിരുദ്ധമെന്നും മറ്റും പറഞ്ഞാക്ഷേപിക്കുകയാണ് അവർ ചെയ്യുന്നത്. തൊഴിലാളി സർവ്വാധിപത്യമില്ലാതെ സോഷ്യലിസം കെട്ടിപ്പടുക്കാനാവില്ലെന്ന ലെനിനിസ്റ്റ് സിദ്ധാന്തത്തെ അവരെതിർക്കുന്നു. അവരുടെ ജനാധിപത്യ സോഷ്യലിസത്തിൽ തൊഴിലാളി സർവ്വാധിപത്യത്തിന് സ്ഥാനമില്ല. മുതലാളിവർഗ്ഗത്തെ എതിർത്തു നശിപ്പിക്കുകയല്ല, അവരുമായി സഹകരിച്ചുകൊണ്ട് വർഗ്ഗചൂഷണത്തെ നിലനിർത്തുകയാണവരുടെ നയമെന്നും അതുകൊണ്ടാണവർ തൊഴിലാളിസർവ്വാധിപത്യം എതിർക്കുന്നതെന്നും ഇതിൽനിന്നും വ്യക്തമാവും.

തൊഴിലാളിസർവ്വാധിപത്യമെന്നത് ഏറ്റവും ഉയർന്നതരത്തിലുള്ള ജനാധിപത്യമാണെന്ന് ലെനിൻ ഊന്നിപ്പറയുകയുണ്ടായിട്ടുണ്ട്. ‘തൊഴിലാളിവിപ്ലവവും വർഗ്ഗവഞ്ചകനായ കോട്സ്കിയും’ എന്ന തന്റെ ഗ്രന്ഥത്തിൽ അദ്ദേഹം ഉദ്ഘോഷിച്ചു:

‘തൊഴിലാളി സർവ്വാധിപത്യം ഏത് ബൂർഷ്വാജനാധിപത്യവ്യവസ്ഥയേക്കാളും പത്തുലക്ഷമിരട്ടി കൂടുതൽ ജനാധിപത്യപരമാണ്; ഏറ്റവും ജനാധിപത്യപരമായ ബൂർഷ്വ റിപ്പബ്ലിക്കിനേക്കാൾ പത്തുലക്ഷമിരട്ടി ജനാധിപത്യപരമാണ് സോവിയറ്റുവികാരശക്തി.’

അദ്ദേഹം തുടർന്നു:

> “കൽപ്പിച്ചുകൂട്ടി ബൂർഷ്വാസിയെ സേവിയ്ക്കുന്നവരോ ബൂർഷ്വാപുസ്തകങ്ങളുടെ പൊടിപുരണ്ട പേജുകളുടെ പിന്നിലുള്ള യഥാർത്ഥ ജീവിതം കാണാൻ കഴിയാതിരിയ്ക്കത്തക്കവണ്ണം രാഷ്ട്രീയമായി മൂതിയടഞ്ഞവരോ ബൂർഷ്വാജനാധിപത്യ ധാരണകളിൽ മുങ്ങിക്കുളിക്കുകയും അതിനെ ബൂർഷ്വാസിയുടെ കിങ്കരൻമാരായിത്തീരുകയും ചെയ്തവരോ മാത്രമേ ഈ വാസ്തവം മനസ്സിലാക്കാതിരിക്കുകയുള്ളു.”

ഏതാണ്ട് 34 കൊല്ലങ്ങൾക്ക് മുമ്പ്, 1918-ൽ, കോട്സ്കിയെപ്പറ്റി ലെനിൻ എഴുതിയ ഈ വാക്കുകൾ ഇന്ന് ജയപ്രകാശ്, മേത്താ, വർഗ്ഗീസ് പ്രഭൃതികൾക്കും ബാധകമാണെന്ന് അവരുടെ മുഖപത്രങ്ങളായ ‘ജനത’യും ‘പ്രവാഹ’വും വായിച്ചാൽ ബോധ്യമാവാതിരിക്കുകയില്ല.

തൊഴിലാളി സർവ്വാധിപത്യമെന്ന മാർക്സിസ്റ്റ് സിദ്ധാന്തത്തെ അവസരവാദികളുടെ ആക്ഷേപങ്ങളിൽ നിന്നും ദുർവ്യാഖ്യാനങ്ങളിൽ നിന്നും കാത്തുരക്ഷിക്കുക മാത്രമല്ല ലെനിൻ ചെയ്തത്. പിന്നെയോ? 1905ലേയും 1917 ഫെബ്രുവരിയിലെയും വിപ്ലവങ്ങൾ നൽകിയ പാഠങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് അദ്ദേഹം ആ സിദ്ധാന്തത്തെ കൂടുതൽ വളർത്തുകയും വികസിപ്പിക്കുകയും ചെയ്തു.

തൊഴിലാളി സർവ്വാധിപത്യത്തിൻ കീഴിലുള്ള ഗവൺമെൻറിന്റെ രൂപം പാർലമെൻററി റിപ്പബ്ലിക്കായിക്കൊള്ളണമെന്നില്ലെന്നും റഷ്യയുടെ പ്രത്യേക പരിതഃസ്ഥിതികളിൽ ഭരണരൂപം സോവിയറ്റുകളായിരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

പക്ഷേ, എല്ലാ രാജ്യങ്ങളിലും സോവിയറ്റുകളായിരിക്കുകയില്ല ഭരണരൂപം. പുതിയ ജനാധിപത്യരാജ്യങ്ങളുടെയും ജനകീയ ചൈനയുടെയും അനുഭവങ്ങൾ വ്യത്യസ്തങ്ങളാണ്. ഇംഗ്ലണ്ടിൽ പാർലമെൻറു സമ്പ്രദായം ഉപേക്ഷിയ്ക്കപ്പെടുകയില്ലെന്ന് ബ്രിട്ടീഷ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പരിപാടി ചൂണ്ടിക്കാണിയ്ക്കുന്നു. ബ്രിട്ടന്റെ പ്രത്യേക പരിതഃസ്ഥിതികൾക്കും പാരമ്പര്യത്തിനും അതാണു യോജിക്കുക. പക്ഷേ, ഭരണരൂപങ്ങളിൽ വ്യത്യാസങ്ങളും വൈരുദ്ധ്യങ്ങളുമുണ്ടായാൽ കൂടി സോഷ്യലിസത്തിലേയ്ക്കുള്ള പരിവർത്തനകാലഘട്ടത്തിൽ, അവയുടെ ഉള്ളടക്കം തൊഴിലാളി സർവ്വാധിപത്യമായിരിക്കും; തൊഴിലാളി സർവ്വാധിപത്യമില്ലാതെ സോഷ്യലിസമില്ല.

## 4 ഐക്യമുന്നണി

സാമ്രാജ്യത്വനാടുവാഴി മേധാവിത്വത്തിനെതിരായി തൊഴിലാളി വർഗ്ഗത്തിന്റെയും അതിന്റെ പാർട്ടിയുടെയും നേതൃത്വത്തിൽ ഇന്ത്യയിലിന്നു വളർന്നുകൊണ്ടിരിക്കുന്ന ഐക്യമുന്നണിയെ വലതുപക്ഷ സോഷ്യലിസ്റ്റുകാർ എതിർക്കുകയാണ് ചെയ്യുന്നത്. ചില കെ.എസ്.പി. നേതാക്കൻമാരാകട്ടെ, ഐക്യമുന്നണി മാർക്സിസ്റ്റ് പാർട്ടികളുടെ മാത്രം ഐക്യമുന്നണിയായിരിക്കണമെന്ന് വാദിക്കുന്നു. ബൂർഷ്വാസിയുമായി ഐക്യമുന്നണിയുണ്ടായാൽ മാർക്സിസത്തിന്റെ പരിശുദ്ധത നശിക്കുമെന്നാണവരുടെ ഭയം. പക്ഷേ, മാർക്സ് തന്റെ 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ'വിലും മറ്റു പല ഗ്രന്ഥങ്ങളിലും ഐക്യമുന്നണിയുടെ ആവശ്യകത വ്യക്തമാക്കിയിട്ടുണ്ട്. മാർക്സിന്റെ ഈ ആശയങ്ങളെ ലെനിൻ പുതിയ പരിതഃസ്ഥിതികൾക്കൊത്തമട്ടിൽ കുറേക്കൂടി വികസിപ്പിച്ചു. "കോളനികളിലും പിന്നണി രാജ്യങ്ങളിലും കമ്മ്യൂണിസ്റ്റ് ഇൻററർനാഷണൽ ബൂർഷ്വാ ജനാധിപത്യവാദികളുമായി ഒരു താൽക്കാലിക" സന്ധിയിലേർപ്പെടണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിക്കുകയുണ്ടായി. ഐക്യ അണിയെന്നാൽ ബൂർഷ്വാസിയിൽ ലയിക്കലല്ല. ബൂർഷ്വാസിയെക്കൂടി ബാധിക്കുന്ന സാമ്രാജ്യത്വമർദ്ദനങ്ങളിൽ നിന്നു മോചനം നേടാൻ വേണ്ടിയുള്ള സമരങ്ങളിൽ ബൂർഷ്വാസിയ്ക്കുകൂടി പങ്കുണ്ടെന്നു മനസ്സിലാക്കി അവരെക്കൂടി വിപ്ലവത്തിലേക്കു നയിക്കലാണ്. ഐക്യമുന്നണിയെ എതിർക്കുന്നവർ സാമ്രാജ്യത്വനാടുവാഴി മേധാവിത്വത്തിനെതിരായ എല്ലാ ജനവിഭാഗങ്ങളേയും രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി അണിനിരത്തുന്ന കാര്യത്തിൽ തൊഴിലാളിവർഗ്ഗത്തിനുള്ള കഴിവിനെയാണ് ചോദ്യം ചെയ്യുന്നത്.

ലെനിന്റെ സിദ്ധാന്തങ്ങൾ നമ്മുടെ നാട്ടുകാർക്ക് എത്ര കണ്ടാവശ്യമാണെന്ന് ഇന്ത്യയിലിപ്പോൾ നടന്നുകഴിഞ്ഞ തിരഞ്ഞെടുപ്പിന്റെ ഫലങ്ങൾ വിളിച്ചുപറയുന്നുണ്ട്. □

(നവയുഗം 9-2-1952)

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 3

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. സാമൂഹ്യ പരിവർത്തനങ്ങൾ
2. രണ്ടു ലോകങ്ങൾ
3. വ്യക്തിയും പ്രസ്ഥാനവും
4. സ്ത്രീയും പുരുഷനും
5. ധാർമ്മിക മൂല്യങ്ങൾ
6. മാർക്സിസവും ഭൗതികവാദവും
7. മാർക്സിസവും മതവിശ്വാസവും
8. യേശുക്രിസ്തു മോസ്കോവിൽതന്നെ
9. ക്രിസ്തുവിന്റെ ഭക്തനോ ശത്രുവോ?
10. പ്രാർത്ഥനയും സാന്മാർഗ്ഗികബോധവും
11. പള്ളിക്കൂടത്തിലെ പ്രാർത്ഥന
12. അടിമത്തവും ക്രിസ്ത്യാനികളും
13. മാർക്സ് മുതൽ സ്റ്റാലിൻ വരെ
14. ലെനിന്റെ സംഭാവനകൾ
15. ഒക്ടോബർ വിപ്ലവത്തിന്റെ നേതൃശക്തി
16. തത്വവും പ്രയോഗവും തമ്മിലുള്ള വിടവുനീക്കണം


### വെബ് പതിപ്പ് കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10